വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) പ്രൊമീൻ വളർത്തൽ പരിപാടി ഇപ്പോൾ ഒരു സ്ഥലത്തും നടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പുതുതായി ഒരു സ്ഥലത്തും ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ലക്ഷംവീടു കോളനികളിലെ ശുദ്ധജല വിതരണം

*245 [260] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ലക്ഷംവീട് കോളനികളിൽ ശുദ്ധ ജലവിതരണത്തിനുള്ള കിണറുകളും കുഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ശുദ്ധജലം തീരെ ലഭിക്കാത്ത ലക്ഷം വീട് കോളനികളിൽ കിണർ കുഴിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഏർപ്പെടുത്തുമെങ്കിൽ ഈ പദ്ധതി എന്ന് നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ):

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കിണർ കുഴിക്കാനുള്ള ഏർപ്പാടുകളും പണത്തിന്റെ ലഭ്യതയനുസരിച്ച് ചെയ്തുവരുന്നുണ്ട്.

(സി) ഇപ്പോൾ നടപ്പാക്കി വരികയാണ്.

ഫിഷിങ്ങ് ഷെൽട്ടർ

*246 [261] ശ്രീ. എൻ.പി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് സർക്കാർ പുതുതായി ഫിഷിങ്ങ് ഷെൽട്ടർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയാണെന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly